ശ്രീമതി കുസുമം ജോസഫ്: എന്റെ നിയോജകമണ്ഡലമായ കാരിക്കോട്ട് ഒരു ബൈ വീക്കിലി ഡിസ്പെൻസറിയെങ്കിലും സ്ഥാപിച്ചുതരുമോ?

ഡാക്ടർ എ. ആർ. മേനോൻ: കഴിയുന്നതും ശ്രമിക്കുന്നതാണ്.

ലിക്വിഡേറ്റിംഗ് ഇൻസ്പെക്ടർമാർ.

* 1637. [7] ശ്രീ. ആർ. ജനാർദ്ദനൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ലിക്വിഡേറ്റിംഗ് ഇൻസ്പെക്ടറന്മാർ ഈ സംസ്ഥാനത്തു നിയമിക്കപ്പെട്ടിട്ടുണ്ട്;

(ബി) അവരുടെ നിയമനത്തിനുശേഷം എത്ര സഹകരണസംഘങ്ങൾ ലിക്വിഡേറ്റ് ചെയ്തിട്ടുണ്ട്?

നിയമവകുപ്പുമന്ത്രി (ശ്രീ വി. ആർ. കൃഷ്ണയ്യർ):

(എ) 24 പേർ.

(ബി) ഒന്നിന്റെയും ജോലി പൂർത്തിയായിട്ടില്ല. 1131 സൊസൈറ്റികളിൽ, അവരുടെ നിയമനത്തിനുശേഷം, 28 എണ്ണം വൈൻഡപ്പ് ചെയ്യാൻ ഓർഡർ ആയിട്ടുണ്ട്. എല്ലാ ആസ്തിബാദ്ധ്യതകളും പരിശോധിച്ചു പൂർത്തിയായ നടപടി ആയിട്ടില്ല.

ഫയർ സർവ്വീസ് യൂണിറ്റുകൾ

* 1638. [8] ശ്രീ. എം. ഗോപാലൻകുട്ടിനായർ:† താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിൽ ഒട്ടാകെ എത്ര ഫയർ സർവ്വീസുകൾ പ്രവർത്തിച്ചു വരുന്നുണ്ട്;

(ബി) ഇവ ഏതെല്ലാം സ്ഥലങ്ങളിലാണ്;

(സി) 1958-59 വർഷത്തിൽ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര തീപിടിത്തങ്ങൾ ഈ സ്റ്റേറ്റിൽ ഉണ്ടായിട്ടുണ്ട്;

(ഡി) ഇതുകൊണ്ട് ഉണ്ടായിട്ടുള്ള ആകെ സാമ്പത്തികനഷ്ടവും ആളപായവും എത്ര;

(ഇ) ഈ സ്റ്റേറ്റിലെ പ്രധാന പട്ടണങ്ങളിൽപ്പോലും പ്രവർത്തിക്കുന്ന ഫയർ എൻജിനുകൾ പഴക്കം ചെന്നവയും കാര്യക്ഷമതയില്ലാത്തവയും ആണെന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ സ്റ്റേറ്റിലെ ഫയർ സർവ്വീസ് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് എന്തെല്ലാം നടപടികളാണ് ഗവണ്മെന്റ് എടുത്തിട്ടുള്ളത്?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) 12.

(ബി) സതേൺ ഡിവിഷനിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ; സെൻട്രൽ ഡിവിഷനിൽ കോട്ടയം, എറണാകുളം, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചിൻ (ഫോർട്ട് കൊച്ചിൻ ഫയർ സ്റ്റേഷൻ ആലുവായിലേയ്ക്കു മാറ്റുന്നതിനു് ഓർഡർ നൽകിയിട്ടുണ്ട്); നോർത്തേൺ ഡിവിഷനിൽ കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പാലക്കാട്, ഗൂഡല്ലൂർ.

† As the member was absent the question was put by Shri Kunhikrishnan Nair, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly